# സുഖപ്രസവത്തിനുള്ള പ്രാർത്ഥന.

പിതാവായ ദൈവമേ! അങ്ങയുടെ മഹനീയമായ സൃഷ്ടികർമ്മത്തിൽ പങ്കാളികളാക്കി ഉദരഫലം നൽകിയ അങ്ങയുടെ സ്നേഹത്തിന് ഞാൻ നന്ദിപറയുന്നു. വലിയ സ്നേഹവായ്പ്പോടെ ഈ ദാനത്തെ വളർത്തിയെടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ പിതാവേ! ഒരു കുറവുമില്ലാത്ത ദൈവകുഞ്ഞായി എന്റെ ഉദരത്തിൽ വളരുന്നതിന് എന്നിലുള്ള ഭയം, ഉൽകണ്ഠ, ഏകാന്തത, ദുഃഖം, വെറുപ്പ് എന്നിവ അനുവദിക്കുന്നില്ല.അവിടുത്തെ പുത്രനായ യേശുവിനെ അയച്ച് എന്റെ എല്ലാ ദുഃഖഭാരങ്ങളെയും അവിടുത്തെ തിരുരക്തത്താൽ കഴുകി, വിശുദ്ധീകരിച്ച് എനിക്ക് സുഖപ്രസവം നൽകണമെ. ആശ്വാസപ്രദനായ പരിശുദ്ധാത്മാവിനെ നൽകി സകല സൽഫലങ്ങളാലും എന്റെ കുഞ്ഞിനെ അനുഗ്രഹിക്കണമെ. ഉണ്ണീശോയെ ഉദരത്തിൽ വഹിച്ച പരിശുദ്ധ അമ്മേ! എനിക്കുവേണ്ടി നിരന്തരം പ്രാർത്ഥിക്കണമെ. ഈ പ്രാർത്ഥന ഇടവക കൂട്ടായ്മ യുടെ നിയോഗത്തോടുകൂടി ഞങ്ങൾ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. ആമ്മേൻ. (ഗർഭവതിയായ സ്ത്രീ തന്റെ ഉദരത്തിനുമീതെ എല്ലാ ദിവസവും കൂടെക്കൂടെ കുരിശുവരയ്ക്കുക. ഭർത്താവ് തന്റെ ഗർഭവതിയായ ഭാര്യയുടെ ഉദരത്തിനുമീതെ കയ്യ് വച്ച് 5 മിനിട്ട് സമയം പ്രാർത്ഥിക്കുക)

Church of Our Lady of Fatima, Okhla, New Delhi-25